**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 31** **05-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ രംഗത്തെ കേന്ദ്ര സർക്കാർ ഇടപെടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ അപ്പെക്സ് കോ-ഓപ് ഫിനാൻസ് & ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ അപ്പെക്സ് ബോഡി രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സഹകരണ രംഗം ദുർബലപ്പെടുത്തുന്നതിന് എപ്രകാരമെല്ലാം കാരണമാകുന്നുവെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാർ അപ്പെക്സ് കോ-ഓപ് ഫിനാൻസ്& ഡെവലപ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ അപ്പെക്സ് ബോഡി രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സഹകരണ രംഗം ദുർബലപ്പെടുത്തുന്നതിന് എപ്രകാരമെല്ലാം കാരണമാകുമെന്നത് പഠന വിധേയമാക്കിയിട്ടില്ല. |
| (ബി) | നിലവിൽ ആർ.ബി.ഐ. നിയന്ത്രണത്തിൽ കൊണ്ടുവന്നിട്ടുള്ള അർബൻ ബാങ്കുകളോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളെ അപ്പെക്സ് ബോഡിയുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവന്നാൽ സംസ്ഥാനത്തെ സഹകരണ മേഖല ഗുരുതര പ്രശ്നം നേരിടാനിടയുണ്ടെന്ന സഹകാരികളുടെ ആശങ്ക പരിഹരിക്കാൻ നടപടിയുണ്ടാകുമോ; | (ബി) | നിലവിൽ ആർ. ബി ഐ നിയന്ത്രണത്തിൽ കൊണ്ടു വന്നിട്ടുള്ള അർബൻ ബാങ്കുകളോടൊപ്പം പ്രാഥമിക സഹകരണ സംഘങ്ങളെ അപ്പെക്സ് ബോഡിയുടെ പ്രവർത്തന പരിധിയിൽ കൊണ്ടു വരുന്ന നിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ആശങ്ക പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ബാങ്കിംഗ് നിയമത്തിലെ ഭേദഗതി, ഒരു കോടിയിലധികം രൂപ പിൻവലിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194 N വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുത്തിയത് തുടങ്ങിയ നടപടികളുടെ പ്രത്യാഘാതം ഒഴിവാക്കാൻ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ? | (സി) | 2020-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ആയതിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐക്യകണ്ഠേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തിരവും പ്രശ്നം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക |

| | | | |
|---|---|---|---|
| | | | സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകി. ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് അന്നത്തെ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയുണ്ടായി. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നത് തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ